പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.333 28-6-2011-ന് മറുപടിക്ക്

<u>അമ്പലപ്പുഴയിലെ കാപ്പിത്തോടിന്റെ നവീകരണ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) അമ്പലപ്പുഴ മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിൽകൂടി കടന്നു പോകുന്ന 'കാപ്പിതോടി'-ന്റെ പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനുള്ള നവീകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ; | എ) ഉണ്ട്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ കാപ്പിത്തോട് മലിനീകരണം സംബന്ധിച്ച് പഠനം നടത്തി പരിഹാരം നിർദ്ദേശിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ശുചിത്വ മിഷൻ ഈ വിഷയം പഠിക്കുകയും ആയത് പരിഹരിക്കാനുള്ള കർമ്മ പരിപാടി തയ്യാറാക്കിയത് ആലപ്പുഴ ജില്ലാ റ്റി.എസ്.സി. ഓഫീസ് വഴി ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 165 ലക്ഷം രൂപയുടെ അടങ്കൽ മതിപ്പ് ചെലവ് വരുന്ന കർമ്മ പദ്ധതി നടപ്പിലാക്കാൻ ജില്ലാ ഭരണകൂടം തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| ബി) ഈ പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളെ ചേർത്ത് ഒരു ഉന്നതതലയോഗം വിളിക്കുമോ? | ബി) ബന്ധപ്പെട്ട വകുപ്പുകളെ ചേർത്ത് ഉന്നതതല യോഗം ജില്ലാ കളക്ടർ വിളിച്ചുകൂട്ടാറുണ്ട്. |

സെക്ഷൻ ഓഫീസർ